## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1827 — 18.06.2012-ൽ മറുപടിയ്ക്ക്

**<u>വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.ജമീലാ പ്രകാശം | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 532/2012 എന്ന ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. കോട്ടുകാൽ വില്ലേജിൽ ഉച്ചക്കട പുലിവിള വി.എസ്.ഭവനിൽ വിജയകുമാറിനെ 10.05.2012 തീയതിയിൽ മോട്ടോർ സൈക്കിളിൽ വന്ന 6 പേർ ചേർന്ന് ദേഹോപദ്രവം ഏൽപ്പിച്ച എന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ ക്രൈം നം.532/12 u/s 143, 147, 148, 149, 324 and 326 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത കേസിൽ ആക്രമണത്തിന് വിധേയമായി ചികിത്സയിൽ കഴിഞ്ഞ ആൾ ഇതിന് മുമ്പ് രണ്ടു തവണ ആക്രമണത്തിന് വിധേയമായതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസുകൾ എന്തെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (സി) | ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ പ്രസ്തുത കേസുകളുടെ ക്രൈം നമ്പരുകൾ വ്യക്തമാക്കാമോ; | (ഡി) | വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം നം.726/2011 u/s 324 and 34 IPC. |
| (ഇ) | പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഇ) | ക്രൈം നം.726/11 കേസിലെ പ്രതികളെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്തതും 30.11.11-ൽ കേസ് UN ആയി പരിഗണിക്കാൻ കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ക്രൈം നം.532/12 കേസിൽ ഊർജ്ജിതമായ അന്വേഷണം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ.